## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1644 12.06.2019-ൽ മറുപടിയ്ക്ക്

### പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം

| ചോദ്യം<br><br>ശ്രീ.സി. കെ. ശശീന്ദ്രൻ | മറുപടി<br><br>ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
|---|---|
| പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകൾ പുനരുദ്ധരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | ഉണ്ട്.പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ആസ്തികളായ റോഡ്, കലുങ്ക്, പാലം, റോഡിന്റെ സംരക്ഷണഭിത്തികൾ എന്നിവയ്ക്ക് സംഭവിച്ച കേടുപാടുകൾ പൂർണ്ണമായി പരിഹരിക്കുന്നതിന് നഗരസഭ / പഞ്ചായത്ത് അടിസ്ഥാനത്തിൽ തയ്യാറാക്കിയ റഫ് കോസ്റ്റ് എസ്റ്റിമേറ്റുകൾ ക്രോഡീകരിച്ച് 165159 കോടി രൂപയുടെ പ്രൊപ്പോസൽ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ സമർപ്പിച്ചിരുന്നു. ആയത് സർക്കാർ പരിശോധിക്കുകയും പ്രളയത്തിൽ തകർന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകൾ പുനർ നിർമ്മിക്കുന്നതിന് 1600 കോടി രൂപ (ആയിരത്തി അറുന്നൂറ് കോടി രൂപ) റീബിൽഡ് കേരളയുടെ ചുമതലയിൽ നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ തനത് വരുമാനം കുറഞ്ഞ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് |

| | |
|---|---|
| | പ്രളയത്തിൽ തകർന്ന റോഡുകൾ പുനർ നിർമ്മിക്കുന്നതിനായി 400 കോടി രൂപ നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഇത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ തനത് / വികസന ഫണ്ടുകൾക്ക് പുറമേ ചെലവഴിക്കാവുന്നതാണ്. ബാക്കിയുള്ള 1200 കോടി രൂപ ഉപയോഗിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള പ്രധാന റോഡുകൾ കണ്ടെത്തി PMGSY സ്റ്റാന്റേർഡ് പ്രകാരം പുനർ നിർമ്മിക്കുവാനും തീരുമാനമായിട്ടുണ്ട്. RKI മുഖേന മേൽ പ്രസ്താവിച്ച പ്രകാരം തുക അനുവദിക്കുന്നതിനായി ടി വിഷയത്തിൽ proposal സമർപ്പിക്കുവാൻ പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ എന്നിവരോട് ആവശ്യപ്പെട്ടിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ 2018-19 വാർഷിക പദ്ധതിയിലെ പ്ലാൻ, മെയിന്റനൻസ് ഫണ്ടുകൾ വകയിരുത്തി 76.99 കോടി രൂപ ചിലവഴിച്ച് അടിയന്തിരമായി ചെയ്യേണ്ടുന്ന 483.91 കിലോമീറ്റർ നീളം റോഡുകളുടെ പുനരുദ്ധാരണം നടത്തിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 83.33 കോടി രൂപയുടെ പ്ലാൻ, മെയിന്റനൻസ് ഫണ്ടുകൾ കൂടി പുനരുദ്ധാരണത്തിനായി വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ